(*b*) if not, why not Government think of it immediately?

*Answer.*

(*a*) & (*b*) The possibility of a sugar factory in Chittur Taluk is being examined and the matter has been brought to the notice of the Government of India. It is doubtful, however, whether adequate supplies of cane to ensure economic working of a sugar factory will be forthcoming in that area.

മജിസ്ട്രേട്ട് കോടതികൾ.

143. [11] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ :

(എ) സ്റ്റേറ്റിൽ ആകെ എത്ര മജിസ്ട്രേട്ട് കോടതികൾ നിലവിലുണ്ട് ; അവ ഏതെല്ലാം ;

(ബി) ഓരോന്നിലും ഒരു കൊല്ലത്തിലധികം പഴക്കം ചെന്നിട്ടുള്ള എത്ര കേസുകൾ നിലവിലുണ്ട് ;

(സി) കേസുകൾ കൂടെ നടത്തിപ്പ് ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി അംഗീകരിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് എന്തു് ?

ഉത്തരം.

(എ) 70 (എഴുപതു്) ;

| | |
|---|---|
| ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതികൾ | 4 |
| സബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതികൾ | 10 |
| ഒന്നാംക്ലാസ് മോടതികൾ | 22 |
| രണ്ടാംക്ലാസ് കോടതികൾ | 32 |
| മുൻസിഫ് മജിസ്ട്രേട്ടുകോടതികൾ | 2 |
| ആകെ | 70 |

(ബി) * ലിസ്റ്റ് ഇതിനോടൊന്നിച്ചുണ്ട്.

(സി) ഉണ്ടു്.

(ഡി) കേസ്സുകൾ എത്രയും വേഗത്തിൽ തീർക്കണമെന്നു് മജിസ്ട്രേട്ടന്മാർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

എറണാകുളം മഹാരാജാസ് കോളേജ് പ്രവേശനം.

144. [12] ശ്രീ. തലക്കര കെ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ :

(എ) എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ എറണാകുളത്തുകാരായ ഗവൺമെന്റ് ജീവനക്കാരുടെ മക്കൾക്ക് മുൻഗണന നൽകുന്നുണ്ടോ ;

* Please see Appendix IX.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി ഗവണ്മെൻറ ജീവനക്കാരുടെ മക്കളുടെ മാക്ക് മററ വിദ്യാർത്ഥികളുടെ മാക്കിനെക്കാൾ കുറവാണെങ്കിലും ഈ മുൻഗണന നൽകപ്പെടുന്നുണ്ടോ;

(സി) കൂടുതൽ മാക്ക് കിട്ടിയിട്ടുള്ള മററ അപേക്ഷകരെ തിരസ്കരിച്ച് എറണാകുളത്തുകാരായ ഗ്രൂ ഗവണ്മെൻറ ജീവനക്കാരുടെ മക്കൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്;

(ഡി) അവരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റമെൻറ് തരുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഗവണ്മെൻറ ജീവനക്കാരുടെ മക്കളുടെ മാക്ക് നിശ്ചിത മിനിമത്തിൽ കുറവല്ലെങ്കിൽ പ്രിൻസിപ്പാളിൻറെ യുക്തംപോലെ അവക്ക് മുൻഗണന നൽകിവരുന്നുണ്ട്.

(സി) 14 പേക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

(ഡി)

| | |
|---|---|
| ബ്രാഹ്മണൻ | 3 |
| ഗൌഡസാരസ്വതബ്രാഹ്മണൻ | 1 |
| നായർ | 7 |
| ക്രിസ്ത്യൻ | 1 |
| പുലയ | 1 |
| ഈഴവ | 1 |
| ആകെ | 14 |

ശബരിമലക്ഷേത്രം നശിപ്പിച്ചതു് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട്.

145. [15] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലക്ഷേത്രം രീവച്ചു് നശിപ്പിച്ചതു് സംബന്ധിച്ചു അന്വേഷിക്കാൻ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ശ്രീ. കേശവമേനോൻ അതു സംബന്ധിച്ചു് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു് ബഹുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തുമോ?

ഉത്തരം.

ശബരിമല കേസ്സു നെപ്പററി അന്വേഷണം നടത്തിയ ശ്രീ. കേശവമേനോൻ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പൊതുതാല്പര്യത്തെ ഉദ്ദേശിച്ചു് ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly